**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - ജലസ്രോതസ്സുകളുടെ മലിനീകരണം ഒഴിവാക്കുന്നതിനും അവയുടെ നവീകരണവും ശുചീകരണവും ഉറപ്പാക്കുന്നതിനുമായി ഗ്രാമപഞ്ചായത്ത് തലത്തിൽ ശുദ്ധ ജല സംരക്ഷണ സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം.3141/2017/തസ്വഭവ തിരുവനന്തപുരം, തീയതി 25.09.2017

---

പരാമർശം :- 1. പഞ്ചായത്ത് ഡയറക്ടറുടെ 03.02.2016 ലെ J7-34923/16 നമ്പർ കത്ത്

**ഉത്തരവ്**

കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219 എ മുതൽ 219 യു, 1996 ലെ കേരള പഞ്ചായത്ത് രാജ് (പൊതുവായതോ, സ്വകാര്യമായതോ ആയ നീരുറവകൾ, കുളങ്ങൾ, കിണറുകൾ, മറ്റുജലമാർഗ്ഗങ്ങൾ എന്നിവയുടെ ഉപയോഗ നിയന്ത്രണവും നിരോധനവും) ചട്ടങ്ങൾ എന്നിവ പ്രകാരം മാലിന്യ നിർമ്മാർജ്ജനം, മാലിന്യം നിക്ഷേപിക്കുന്നവർക്കുള്ള ശിക്ഷ എന്നിവ ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണെന്നും പ്രസ്തുത ചുമതല നിർവ്വഹിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ജലസ്രോതസ്സുകളുടെ മലിനീകരണം ഒഴിവാക്കുന്നതിനും അവയുടെ നവീകരണവും ശുചീകരണവും ഉറപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് തലത്തിൽ ശുദ്ധജല സംരക്ഷണ സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ് എന്നും പരാമർശം 1 പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

2.പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ജലസ്രോതസ്സുകളുടെ മലിനീകരണം ഒഴിവാക്കുന്നതിനും അവയുടെ നവീകരണവും ശുചീകരണവും ഉറപ്പാക്കുന്നതിനുമായി ഗ്രാമപഞ്ചായത്ത് തലത്തിൽ ചുവടെ വിവരിച്ചിട്ടുള്ള പ്രകാരം ഘടനയും, ലക്ഷ്യവും ചുമതലകളുമുള്ള ശുദ്ധ ജല സംരക്ഷണ സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>സമിതിയുടെ ലക്ഷ്യം</u>

1.ജനതാല്പര്യം മുൻ നിർത്തി ജലസംരക്ഷണം നടപ്പിലാക്കുക

2.ജലസ്രോതസുകളുടെ മലിനീകരണം തടയുക

3.ജൈവ വൈവിധ്യം സംരക്ഷിക്കുക

<u>സമിതിയുടെ ഘടന</u>

1.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ് - അധ്യക്ഷൻ

2.ആരോഗ്യ വിദ്യാഭാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ- ഉപ അധ്യക്ഷൻ

3.വികസന സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ - അംഗം

4.തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി - അംഗം

5.കൃഷി ഓഫീസർ,- അംഗം

6.ഹെൽത്ത് ഇൻസ് പെക്ടർ - കൺവീനർ

7.ജൂനിയർ ഹെൽത്ത് ഇൻസ് പെക്ടർ - അംഗം

8.ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് - അംഗം
9.കുടുംബശ്രീ / തൊഴിലുറപ്പ് പദ്ധതി പ്രവർത്തകരുടെ പ്രതിനിധികൾ, പരിസ്ഥിതി സംരക്ഷണത്തിൽ വിദഗ്ധനായ ഒരാൾ, യുവജന സംഘടനാ പ്രതിനിധികൾ,വിദ്യാർത്ഥി പ്രധിനിധി, സന്നദ്ധ സംഘടന പ്രതിനിധികൾ - അനൗദ്യോഗിക അംഗങ്ങൾ

**<u>സമിതിയുടെ ചുമതല</u>**

1.ജലസംരക്ഷണം വിദ്യാലയങ്ങളിലും കലാലയങ്ങളിലും പഠിപ്പിക്കുക.
2.വൃക്ഷ തൈകൾ വച്ച് പിടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
3.കുടിവെള്ളത്തിൽ മാലിന്യം കലരുന്നത് തടയുക.
4.നിലവിലുള്ള കുളങ്ങൾ, കിണറുകൾ എന്നിവ വൃത്തിയാക്കി മഴവെള്ള ശേഖരണത്തിന് ഊന്നൽ നൽകുന്ന പ്രവർത്തനങ്ങൾക്ക് നടപടി സ്വീകരിക്കുക.
5.പൈപ്പ് ലൈൻ ജലവിതരണം കാര്യക്ഷമമാക്കുന്നതിനു നടപടി സ്വീകരിക്കുക.
6.കാർഷിക മേഖലയ്ക്ക് ശാസ്ത്രീയമായ ജലസേചന രീതികൾ ഉപയോഗിക്കുക.
7.കൃഷി പാടങ്ങളും തണ്ണീർ തടങ്ങളും നികത്തുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുക.

3.മേൽ ചുമതലകൾ നിർവ്വഹിക്കുന്നതിനു പ്രത്യേക അധികാരം സമിതിക്കു ഉണ്ടായിരിക്കുന്നതാണ്. സമിതിയുടെ നിർദേശങ്ങൾ ലംഘിക്കുന്നവർക്ക് നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ പിഴ ചുമത്തുന്നതിനു അധികാരമുണ്ടായിരിക്കും. മേൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതോടൊപ്പം ഇത് സംബന്ധിച്ച് ജനങ്ങൾക്ക് ബോധവൽക്കരണം നൽകേണ്ടതും മാസം തോറും യോഗം ചേർന്ന് പ്രവർത്തന റിപ്പോർട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സിന്ധു.എൽ**
**ഗവ. സ്പെഷ്യൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,,കുടുംബശ്രീ,തിരുവനന്തപുരം
കൃഷി വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം
മിഷൻ ഡയറക്ടർ,മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
✓ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ